CCM(22) 2013-14

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോഓർഡിനേഷൻ സമിതി

**04.12.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു. നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷത യിൽ സെക്രട്ടറിയേറ്റിലെ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.11.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2013-14 വാർഷിക പദ്ധതിയുടെ ഇതുവരെയുള്ള മൊത്തം നിർവഹണ ചെലവ് 846 കോടി രൂപയാണെന്ന് റിപ്പോർട്ട് ചെയ്യുക യുണ്ടായി. ഗ്രാമപഞ്ചായത്തുകൾ 558 കോടി രൂപയും ബ്ലോക്ക് പഞ്ചായത്തുകൾ 114 കോടി രൂപയും ജില്ലാപഞ്ചായത്തുകൾ 109 കോടി രൂപയും മുനിസിപ്പാ ലിറ്റികൾ 80 കോടി രൂപയും(22.4%) കോർപ്പറേഷനുകൾ 60 കോടി രൂപയും (21.1%) ചെലവാക്കിയതായി കാണപ്പെട്ടു. പൊതുമരാമത്ത് പ്രവൃത്തികൾ പുരോഗമിക്കുന്ന മുറയ്ക്ക് നിർവഹണ ചെലവ് ഉയരുമെന്ന് നിരീക്ഷിക്കുകയുണ്ടായി.

2.2 വേനൽക്കാലത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഗ്രാമപഞ്ചായ ത്തു കളും നഗരസഭകളും ഏർപ്പെടുത്താറുള്ള കുടിവെള്ള വിതരണത്തെ സംബന്ധിച്ചിട ത്തോളമുള്ള നടപടിക്രമങ്ങൾക്ക് കൂടുതൽ വ്യക്തത ആവശ്യമാണെന്ന് യോഗം വിലയിരുത്തി. തദ്ദേശഭരണ വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും ഇടപെടലുകളുടെ ഘട്ടങ്ങളും ധനസ്രോതസ്സും വ്യക്തമാക്കുന്ന തരത്തിൽ നടപടിക്രമങ്ങൾ പരിഷ്ക്കരിക്കണമെന്നും തീരുമാനിച്ചു. ഇതിനായി നടപടി സ്വീകരിക്കാൻ അർബൻ ഡയറക്ടറെയും പഞ്ചായത്ത് ഡയറക്ടറെയും ചുമതലപ്പെടുത്തി.

2.3 പദ്ധതി ചെലവ് ത്വരിതപ്പെടുത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ അനുവ ദിച്ചിട്ടുള്ള തസ്തികകളിലെ ഗ്രേഡ് മൂന്ന് ഓവർസീയർമാരുടെ ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിനും അതിന് കാലതാമസം ഉണ്ടാകുകയാ ണെങ്കിൽ താത്ക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നികത്താനും അതിന് തനത് ഫണ്ട് ഉപയോഗപ്പെടുത്താനും അനുമതി നൽകി തീരുമാനിച്ചു.

3 **പ്രത്യേക വിഷയങ്ങൾ**

3.1 **ഞീഴൂർ ഗ്രാമപഞ്ചായത്ത് (ഫയൽനം. 47945/ഡി.സി.3/13/തസ്വഭവ)**

**തീയതി 04.12.2013**

പാലീയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി വാങ്ങി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയെ എൽപ്പിച്ച ആംബുലൻസിന്റെ നിയന്ത്രണവും തുടർ ചെലവുകളും ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി തന്നെ നിർവഹിക്കണമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 പെരിന്തൽമണ്ണ നഗരസഭ (ഫയൽനം. 67696/എഫ്.എം.3/13/തസ്വഭവ) തീയതി.04.12.2013**

നഗരസഭ കുടിവെള്ള വിതരണം നടത്തിയതിന് നിർദ്ദിഷ്ട പരിധി കവിഞ്ഞ് ചെലവാക്കിയ തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് നിർവഹിക്കേണ്ടതാണെന്നുള്ള റവന്യൂ വകുപ്പിന്റെ നിർദ്ദേശം അംഗീകരിച്ചു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 കാസറഗോഡ് ജില്ലാ പഞ്ചായത്ത് (ഫയൽ നം 66972/ഡി.ബി2/2013/തസ്വഭവ) തീയതി.20.11 .2013**

എച്ച്.ഐ.വി. ബാധിതർക്ക് ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നതിന് പ്രതിമാസം ഒരാൾക്ക് 700/- രൂപ വരെ ചെലവിടുന്നതിന് അനുവദിക്കണമെന്ന കാസറഗോഡ് ജില്ലാ പഞ്ചായത്തിന്റെ അഭ്യർത്ഥന അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്**

**(ഫയൽ നം. 70852/ഡി.ഡി.2/13/തസ്വഭവ)തീയതി.04.12.2013**

മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് ആഫീസ് കെട്ടിടം അറ്റകുറ്റപ്പണി നടത്താൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കൊയിലാണ്ടി നഗരസഭ (ഫയൽ നം. 70764/എ.സി.3/11/തസ്വഭവ)തീയതി.04.12.2013**

അന്ധതാ നിവാരണ പരിപാടി എന്ന പ്രോജക്ടിന് ചെലവഴിച്ച 53419/- രൂപ തനത് ഫണ്ടിൽ നിന്ന് സർക്കാരിലേയ്ക്ക് അടയ്ക്കണമെന്ന വ്യവസ്ഥയിൽ അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്**

**(ഫയൽ നം. 73359/ഡി.ഡി.2/11/തസ്വഭവ)തീയതി.04.12.2013**

സ്ത്രീകൾക്കും കുട്ടികൾക്കും സ്വയം സംരക്ഷണമാർഗമായി 'കിഷോരിമിത്ര' എന്ന പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ഏതു ഏജൻസിവഴിയാണെന്നും ഏജൻസികൾക്ക് ഈ മേഖലയിലുള്ള മുൻ പരിചയവും വൈദഗ്ദ്ധ്യവും വ്യക്തമാക്കുന്നതിനും ഏജൻസിയെ തെരഞ്ഞെടുക്കുന്ന രീതി ഏതാണെന്നും ഓരോ കുട്ടിക്കുമുള്ള ചെലവ് എത്രയെന്നുമടക്കമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 അന്തിക്കാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 72573/ഡി.എ2/13/തസ്വഭവ) (തീയതി.04.12.2013)**

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട സാധു പെൺകുട്ടികളുടെ വിവാഹ ധനസഹായത്തിന് അപേക്ഷിക്കുമ്പോൾ വിവാഹം നടന്ന കാലത്ത് നിലവിലുണ്ടായിരുന്ന വ്യവസ്ഥയനുസരിച്ച് സഹായം നൽകാവുന്നതാണെന്നും അപേക്ഷകൾ നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിച്ചവയാണെന്ന് ഉറപ്പു വരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 തോടന്നൂർ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 73319/ഡി.ഡി2/13/തസ്വഭവ))**
**(തീയതി.04.12.2013)**

തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം നൽകുന്നതിന് പ്രോജക്ടുകൾ വച്ചിരിക്കുന്നത് പരിഗണനാർഹമല്ലെന്നും പഞ്ചായത്ത് രാജ് ആക്ട് 4-ാം പട്ടികയിലെ ചുമതലകൾ നിർവഹിക്കാൻ ശ്രദ്ധിക്കുകയാണ് വേണ്ടതെന്നും യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 തിരുവനന്തപുരം നഗരസഭ (ഫയൽ നം. 71678/ഡി.എ2/13/തസ്വഭവ)തീയതി.04.12.2013**

മിശ്ര വിവാഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാൾക്ക് എസ്.സി.പി. ഫണ്ടിൽ നിന്ന് ധനസഹായം നൽകുന്നതിന് തടസ്സമൊന്നുമില്ല എന്ന് യോഗം വിലയിരുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പൊന്നാനി നഗരസഭ (ഫയൽ നം. 63059/എഫ് എം.1/13/തസ്വഭവ)തീയതി.04.12.2013**

പൊന്നാനി നഗരസഭയ്ക്ക് 2013-14 വാർഷിക പദ്ധതിയിൽ തുക അനുവദിച്ചതിലെ കുറവ് പരിഹരിക്കണമെന്ന നഗരസഭയുടെ ആവശ്യത്തിന്മേൽ 23.10.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ആവശ്യപ്പെട്ടതനുസരിച്ച് ധനകാര്യ വകുപ്പ് 16.11.2013-ന് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ ആവശ്യം പരിഗണനാർഹമല്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 പെരിന്തൽമണ്ണ നഗരസഭ (ഫയൽ നം. 72610/ഡി.ബി.1/13/തസ്വഭവ)തീയതി 04.12.2013**

സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നതിന് ഹഡ്കോയിൽ നിന്നും വായ്പയെടുക്കാനും വാർഷിക ഗഡുക്കളായി തിരിച്ചടയ്ക്കാനും അനുവദിക്കണമെന്ന നഗരസഭയുടെ ആവശ്യം വകുപ്പുതലത്തിൽ പരിശോധിച്ച് നടപടിയെടുക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് തീയതി 04.12.2013**

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് 2011-12 വാർഷിക പദ്ധതിയുൾപ്പെടുത്തിയ കമ്പ്യൂട്ടർ പരിശീലനം എന്ന പദ്ധതി 2012-13 വർഷം സ്പിൽഓവറായി നടപ്പാക്കിയത് പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമാണെന്നും എന്നാൽ പരിശീലനം പൂർത്തിയാക്കിയ സ്ഥിതിക്ക് ചെലവ് തുക തനത് ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് തീയതി 04.12.2013**

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ക്ലബുകൾക്ക് കിറ്റ് വാങ്ങി നൽകാനുള്ള പ്രോജക്ട് പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായതിനാൽ അംഗീകരിക്കാൻ കഴിയുകയില്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***കോഓർഡിനേഷൻ കമ്മിറ്റിയുടെ അടുത്തയോഗം 18.12.2013-ന് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ രാവിലെ 8 മണിക്ക് കൂടുന്നതിന് തീരുമാനിച്ചു.***

**(യോഗം രാവിലെ 9 മണിക്ക് അവസാനിച്ചു)**